# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6824</u> <u>13.07.2012–ലെ മറുപടിക്ക്</u>

## <u>വ്യവസ്ഥകൾക്ക് വിരുദ്ധമായി ഡോക്ടർമാർ ജോലിക്ക് ഹാജരാകാത്തത്</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഒരു ഡോക്ടറെ പഠിപ്പിച്ചെടുക്കുവാൻ സംസ്ഥാന ഖജനാവിൽ നിന്ന് ചെലവാക്കുന്ന തുക എത്ര ; ഓരോ വർഷവും ആയതിലേക്കായി എത്ര കോടി രൂപ ചെലവഴിക്കുന്നു ; വിശദമാക്കുമോ ; | (എ) ആധികാരികമായ കണക്കുകളെക്കുറിച്ച് പഠനങ്ങൾ ഒന്നുംതന്നെ നടത്തിയിട്ടില്ല. സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജുകളുടെ സൗകര്യങ്ങൾ അടിസ്ഥാനപ്പെടുത്തി സർക്കാർ മെഡിക്കൽ കോളേജുകളുടെ ഫീസ് ഘടന നിശ്ചയിക്കുമ്പോൾ നിലവിൽ ഒരു മെഡിക്കൽ വിദ്യാർത്ഥിക്ക് 2 മുതൽ 2.5 ലക്ഷം രൂപ വരെ സർക്കാരിന് വാർഷിക ചിലവ് വരുന്നുണ്ട്. മെഡിക്കൽ കൗൺസിൽ നിർദ്ദേശിക്കുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ചെലവും ജീവനക്കാരുടെ പുതുക്കിയ വേതന ഇനത്തിലുള്ള തുകയും ദൈനംദിന ചെലവുകൾ വൈദ്യുതി, വെള്ളക്കരം, ടെലിഫോൺ, മരുന്നുകൾ കിടക്കകളുടെ എണ്ണം തുടങ്ങി മറ്റു ആവശ്യങ്ങളും അടിസ്ഥാനപ്പെടുത്തിയാണ് ഇത്രയും തുക ചെലവഴിക്കേണ്ടിവരുന്നത്. |
| (ബി) ഇത്തരത്തിൽ സംസ്ഥാന ഖജനാവിൽ നിന്നും പൊതുജനങ്ങളുടെ നികുതിയിനം ഉപയോഗിച്ച് ഡോക്ടർമാരെ പഠിപ്പിച്ചെടുത്താൽ ഇവർ കുറച്ചുപേർ സമൂഹത്തിനോട് നീതി പുലർത്തുന്നില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) എം.ബി.ബി.എസ്., പി.ജി. പഠിച്ചിറങ്ങുന്നവർക്ക് നിർബന്ധിത ബോണ്ടഡ് സേവനം നല്കുവാൻ നിലവിൽ വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥ സംഘിക്കുന്നവരുടെ മേൽ നടപടി കൈക്കൊള്ളാറുണ്ട്. |

(സി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ; വിശദമാക്കുമോ ;

(സി) ബാധകമല്ല.

(ഡി) സംസ്ഥാന ഖജനാവിൽ നിന്നും ചെലവ് വഹിച്ച് ഡോക്ടർ ആകുന്നവർ സർക്കാർ ആശുപത്രികളിൽ സേവനം അനുഷ്ഠിക്കാതെ സ്വകാര്യ ആശുപത്രികളിൽ സേവനം അനുഷ്ഠിച്ച് കൂടുതൽ കാശുണ്ടാക്കുന്ന പ്രവണത കൂടിവരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ; വ്യക്തമാക്കുമോ ;

(എഫ്) വ്യവസ്ഥകൾക്ക് വിരുദ്ധമായി എത്ര സർക്കാർ ഡോക്ടർമാരാണ് സ്വകാര്യ ആശുപത്രികളിൽ ജോലി നോക്കുന്നത് ; ഇത്തരം ഡോക്ടർമാർക്കെതിരെ സർക്കാർ എന്തൊക്കെ കർശന നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ; വ്യക്തമാക്കുമോ ?

**(ഡി), (ഇ) & (എഫ്)**

സർക്കാർ ആശുപത്രികളിൽ പഠിച്ചിറങ്ങുന്ന മെഡിക്കൽ വിദ്യാർത്ഥികൾ ഒരു കൊല്ലം സർക്കാർ ആശുപത്രിയിൽ നിർബന്ധിതമായി സേവനം അനുഷ്ഠിക്കേണ്ടതാണ്. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവരിൽ നിന്ന് സർക്കാരിനുണ്ടായിട്ടുള്ള നഷ്ടം കരാർ പ്രകാരം തിരിച്ചുപിടിക്കാവുന്നതാണ്. കൂടാതെ മെഡിക്കൽ കൗൺസിലിനും നടപടികൾ കൈക്കൊള്ളാൻ കഴിയും.

സെക്ഷൻ ഓഫീസർ